**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **16-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; രോഗികൾക്ക് സർക്കാർ ആശുപത്രിയിൽ നിന്നും എല്ലാ അവശ്യ മരുന്നുകളും നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ മരുന്നുക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ദർഘാസ് മുഖേന ലഭ്യമായ എല്ലാ മരുന്നുകളുടെയും വിതരണോത്തരവുകൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ സമയബന്ധിതമായി നൽകിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും മരുന്നുകൾക്ക് ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റു ജില്ലകളിലെ മരുന്നു സംഭരണശാലകളിൽ നിന്നും വെയർഹൗസുകൾ തമ്മിലുള്ള മരുന്നു കൈമാറ്റ പ്രക്രിയ വഴി ആവശ്യമായ ജില്ലകളിലേയ്ക്കും, സ്ഥാപനങ്ങളിലേയ്ക്കും കൈമാറ്റം നടത്തി മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി വരുന്നുണ്ട്.<br><br>ഇതിനു പുറമെ മരുന്നുകളുടെ ലഭ്യത കുറവുള്ള ആശുപത്രികൾ പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റു ആശുപത്രികളിൽ നിന്നും സ്ഥാപന കൈമാറ്റം മുഖേന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിവരുന്നുണ്ട്. |
| (ബി) | കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും ആരോഗ്യ സ്ഥാപനങ്ങളിലും എത്തിക്കുന്ന മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സപ്ലൈ ചെയിൻ വിഭാഗം മരുന്നുകളുടെ സ്റ്റോക്ക് വിവരം കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ച് മരുന്നുകളുടെ ലഭ്യത കുറവ് വരാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>അവശ്യമരുന്നുകൾക്ക് പുറമേ De Addiction, Cancer Care, Cardiac, Stroke, HaemoDialysis, NPNCD, NPJHCE, Swass DMHP, NVHCP, Mental Health തുടങ്ങി വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്നുകളും മറ്റ് സാധനങ്ങളും കോർപറേഷൻ വഴി |

ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിച്ചും, കാസ്പ്, ആരോഗ്യ കിരണം, RBSK തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തിയും രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്.

മരുന്നു സംഭരണത്തിനായി ക്ഷണിക്കുന്ന ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കുന്ന എല്ലാ മരുന്നുകൾക്കും അന്നേരം നിലവിലുള്ള സ്റ്റോക്കും വാർഷിക ഇൻഡന്റും പരിശോധിച്ചാണ് വിതരണോത്തരവുകൾ നൽകിവരുന്നത്. അതനുസരിച്ച് ഓരോ ജില്ലാ മരുന്നു സംഭരണശാലകളിലും വിതരണം നടത്തുന്ന മരുന്നുകളിൽ നിന്നുമാണ് പ്രസ്തുത ജില്ലയിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഇൻഡന്റിനും/ ആവശ്യകതയ്ക്കും അനുസൃതമായി മരുന്നുവിതരണം നടത്തുന്നത്.

40:30:30 എന്ന അനുപാതത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ് ഓർഡറുകൾ നൽകിവരുന്നത്. ഓരോയിനം മരുന്നുകളുടെയും ആവശ്യകതയുടെയും ഉപഭോഗത്തിന്റെയും മാനദണ്ഡം കണക്കിലെടുത്താണ് അടുത്ത പർച്ചേസ് ഓർഡർ നൽകുന്നത്. കോർപ്പറേഷന്റെ സപ്ലൈ ചെയിൻ വിഭാഗം പ്രസ്തുത സ്റ്റോക്കു വിവരം നിരന്തരമായി നിരീക്ഷിച്ചു വരുന്നുണ്ട്.

ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ വർഷം മുഴുവൻ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ), & ഹോസ്പിറ്റൽ ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ അഡ്മിനിസ്ട്രേഷൻ), അസിസ്റ്റൻറ് ഡയറക്ടർ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ), ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ & ഹോസ്പിറ്റൽ ഓഫീസർ (മെഡിക്കൽ അഡ്മിനിസ്ട്രേഷൻ) എന്നിവരും അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവ്വീസസ്, സ്റ്റോർ ഓഫീസർ (ജനറൽ മെഡിക്കൽ സ്റ്റോർ) എന്നിവരും ഉണ്ട്.

ജില്ലാതലത്തിൽ മരുന്നുകളുടെ സംഭരണ വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർസുകൾ വെരിഫിക്കേഷൻ നടത്തുന്നതിനായും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവൃത്തിക്കുന്നു.

| | | | |
|---|---|---|---|
| | | | ഓരോ സ്ഥാപനത്തിനും പ്രസ്തുത സ്ഥാപനത്തിലെ മരുന്നു വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റോഴ്സ് വെരിഫിക്കേഷൻ നടത്തുന്നതിനും സ്റ്റോഴ്സ് സൂപ്രണ്ട്/ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ/ ഫാർമസിസ്റ്റ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ഥാപന തലത്തിലെ മെഡിക്കൽ ഓഫീസർമാർ/സൂപ്രണ്ടുമാർ മേൽപറഞ്ഞ ഫാർമസി വിഭാഗം ജീവനക്കാർ വഴി മരുന്നുകളുടെ സ്റ്റോക്കിന്റെ അവസ്ഥയും വിതരണവും മോണിറ്റർ ചെയ്യുന്നു ഇത് കൂടാതെ ആരോഗ്യവകുപ്പ് കാര്യാലയത്തിലെ Pharmacy Division Assistant Director(Pharmacy Services), Stores Officer (Government Medical Stores), 2 State Stores Verification Team എന്നിവർ ചേർന്ന് എല്ലാ വെള്ളിയാഴ്ചയും മരുന്നുകളുടെ സ്റ്റോക്ക് പൊസിഷനെകുറിച്ച് Online Meeting നടത്തുകയും മരുന്നിന്റെ ക്ഷാമം ഉള്ള സ്ഥാപനങ്ങളിലേയ്ക്ക് ലഭ്യമായ മറ്റ് സ്ഥാപനങ്ങളിൽ നിന്നും Institution Transfer നടത്തുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഉൾപ്പെടെ മരുന്നുകളുടെയും മറ്റ് സാധനങ്ങളുടെയും സ്ഥിതി വിവരക്കണക്കുകൾ Monitor ചെയ്യുന്നതിന് Drug Distribution and Management System (DDMS) എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | ജില്ലാ തലത്തിൽ മരുന്നുകളുടെ സംഭരണ - വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർ വെരിഫിക്കേഷൻ നടത്തുന്നതിനായും എന്തെല്ലാം നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സപ്ലൈ ചെയിൻ വിഭാഗം മരുന്നുകളുടെ സ്റ്റോക്കു വിവരം കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ചു മരുന്നുകളുടെ ലഭ്യത കുറവു വരാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>അവശ്യമരുന്നുകൾക്ക് പുറമേ De Addiction, Cancer Care, Cardiac, Stroke, HaemoDialysis, NPNCD, NPJHCE, Swass DMHP, NVHCP, Mental Health തുടങ്ങി വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്നുകളും മറ്റ് സാധനങ്ങളും കോർപറേഷൻ വഴി ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിച്ചും, കാസ്പ്, ആരോഗ്യ കിരണം, RBSK തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തിയും രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്.<br><br>മരുന്നു സംഭരണത്തിനായി ക്ഷണിക്കുന്ന ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കുന്ന എല്ലാ മരുന്നുകൾക്കും അന്നേരം നിലവിലുള്ള സ്റ്റോക്കും വാർഷിക ഇൻഡന്റും പരിശോധിച്ചാണ് |

വിതരണോത്തരവുകൾ നൽകിവരുന്നത്. അതനുസരിച്ച് ഓരോ ജില്ലാ മരുന്നു സംഭരണശാലകളിലും വിതരണം നടത്തുന്ന മരുന്നുകളിൽ നിന്നുമാണ് പ്രസ്തുത ജില്ലയിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഇൻഡന്റിനും/ ആവശ്യകതയ്ക്കും അനുസൃതമായി മരുന്നുവിതരണം നടത്തുന്നത്.

40:30:30 എന്ന അനുപാതത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ് ഓർഡറുകൾ നൽകിവരുന്നത്. ഓരോയിനം മരുന്നുകളുടെയും ആവശ്യകതയുടെയും ഉപഭോഗത്തിന്റെയും മാനദണ്ഡം കണക്കിലെടുത്താണ് അടുത്ത പർച്ചേസ് ഓർഡർ നൽകുന്നത്. കോർപ്പറേഷന്റെ സപ്ലൈ ചെയിൻ വിഭാഗം പ്രസ്തുത സ്റ്റോക്ക് വിവരം നിരന്തരമായി നിരീക്ഷിച്ചു വരുന്നുണ്ട്.

ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ വർഷം മുഴുവൻ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ), & ഹോസ്പിറ്റൽ ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ അഡ്മിനിസ്ട്രേഷൻ), അസിസ്റ്റൻറ് ഡയറക്ടർ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ), ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ & ഹോസ്പിറ്റൽ ഓഫീസർ (മെഡിക്കൽ അഡ്മിനിസ്ട്രേഷൻ) എന്നിവരും അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവ്വീസസ്, സ്റ്റോർ ഓഫീസർ (ജനറൽ മെഡിക്കൽ സ്റ്റോർ) എന്നിവരും ഉണ്ട്.

ജില്ലാതലത്തിൽ മരുന്നുകളുടെ സംഭരണ വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർസുകൾ വെരിഫിക്കേഷൻ നടത്തുന്നതിനായും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവൃത്തിക്കുന്നു.

ഓരോ സ്ഥാപനത്തിനും പ്രസ്തുത സ്ഥാപനത്തിലെ മരുന്നു വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റോഴ്സ് വെരിഫിക്കേഷൻ നടത്തുന്നതിനും സ്റ്റോഴ്സ് സൂപ്രണ്ട്/ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ/ ഫാർമസിസ്റ്റ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ഥാപന തലത്തിലെ മെഡിക്കൽ ഓഫീസർമാർ/സൂപ്രണ്ടുമാർ മേൽപറഞ്ഞ ഫാർമസി വിഭാഗം ജീവനക്കാർ വഴി മരുന്നുകളുടെ സ്റ്റോക്കിന്റെ അവസ്ഥയും വിതരണവും മോണിറ്റർ ചെയ്യുന്നു ഇത് കൂടാതെ ആരോഗ്യവകുപ്പ്

| | | | |
|---|---|---|---|
| | | | കാര്യാലയത്തിലെ Pharmacy Division Assistant Director(Pharmacy Services), Stores Officer (Government Medical Stores), 2 State Stores Verification Team എന്നിവർ ചേർന്ന് എല്ലാ വെള്ളിയാഴ്ചയും മരുന്നുകളുടെ സ്റ്റോക്ക് പൊസിഷനെകുറിച്ച് Online Meeting നടത്തുകയും മരുന്നിന്റെ ക്ഷാമം ഉള്ള സ്ഥാപനങ്ങളിലേയ്ക്ക് ലഭ്യമായ മറ്റ് സ്ഥാപനങ്ങളിൽ നിന്നും Institution Transfer നടത്തുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ ഉൾപ്പെടെ മരുന്നുകളുടെയും മറ്റ് സാധനങ്ങളുടെയും സ്ഥിതി വിവരക്കണക്കുകൾ Monitor ചെയ്യുന്നതിന് Drug Distribution and Management System (DDMS) എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ